
# ശാഖാപരം! ശാഖാപരം! നിസ്സാരം!!

കെ പി മുഹമ്മദ്ബിൻ അഹ്മദ്

ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളിൽ പലതരത്തിലുള്ള അന്ധവിശ്വാസങ്ങളും ധാരാളം അനാചാരങ്ങളും കടന്നുകൂടുകയും വളരെ ആഴത്തിൽ വേരുന്നുകയും ചെയ്തിട്ടുണ്ടെന്നത് ഒരു യാഥാർഥ്യം മാത്രമാണ്. പുണ്യം കിട്ടുമെന്ന വിശ്വാസത്തോടെ അത്തരം അനാചാരങ്ങൾ ദൈവാരാധനകളാണെന്നു ധരിച്ച പാവപ്പെട്ട മുസ്‌ലിംകൾ ഭയഭക്തിപുരസ്സരം അവ നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിന്നായി പണവും സമയവും ശ്രമവും വ്യയം ചെയ്തുകൊണ്ടിരിക്കുന്നതിന്നു കൈയും കണക്കുമില്ല. വേണ്ടുന്ന നല്ല കാര്യങ്ങൾ വിസ്മരിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. മാല, മൗലൂദ്, നേർച്ച, യാറം മൂടൽ, കൊടിയെടുക്കൽ, ഖുതുബിയ്യത്ത്- റാത്തീബ്, ചന്ദനക്കുടം ആദിയായവ മുറയ്ക്ക് അങ്ങു നടന്നു പോന്നാൽ അംബിയാ, ഔലിയാ, ബദ്‌രീങ്ങൾ, നേർച്ചക്കാർ, ഇവരുടെ ഹക്ക്, ജാഹ്, ബർക്കത്ത്കൊണ്ട് ഇഹത്തിലും പരത്തിലും രക്ഷയും മോക്ഷവും പ്രാപ്യമാണെന്നു ധരിക്കുന്നു. നമസ്കാരം, നോമ്പ് ഇത്യാദി കാര്യങ്ങളിൽ വീഴ്ച വന്നാലും വലിയ തരക്കേടൊന്നും ഇല്ല എന്നാണ് വെപ്പ്. ഈ അംബിയാ, ഔലിയാക്കൾ ദൈവത്തോടു ശുപാർശ ചെയ്ത് നമ്മെ രക്ഷിക്കുമെന്നും അതിന്ന് അവർക്ക് അല്ലാഹുവിങ്കൽ സ്വാധീനം ചെലുത്താൻ സാധിക്കുമെന്നുമാണ് വിശ്വസിക്കുന്നത്. അത്തരത്തിലുള്ള ഔലിയാക്കൾ ഒരു സംഗതിയെപറ്റി ദൈവത്തോട് ശുപാർശ ചെയ്താൽ ദൈവം അത് നിരസിക്കുവാൻ നില്ക്കുകയില്ലെന്നാണ് പാവപ്പെട്ടവരുടെ വിശ്വാസം!

ഇതാണ് സമുദായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ചിന്താഗതി – സമുദായത്തിന്റെ ഈ ദുരവസ്ഥ മനസ്സിലാക്കി ഏതാനും പരിഷ്കർത്താക്കൾ സമുദായത്തിൽനിന്ന് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പിഴുതെറിഞ്ഞു അതിനെ സംസ്കരിച്ച് ആരോഗ്യമുള്ള ഉത്തമ സമുദായമാക്കി ഉയർത്തുവാൻ ഉറ്റു പരിശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ പ്രവർത്തന ഫലം നാം സമുദായത്തിൽ കണ്ടുതുടങ്ങുകയും ചെയ്തു. സമുദായ സ്നേഹികൾ അതിൽ ആനന്ദം കൊണ്ടു. സമുദായം ക്രമേണയെങ്കിലും സൽപന്ഥാവിലേക്ക് തിരിഞ്ഞു തുടങ്ങിയതിൽ സന്തോഷിച്ചു. വിദ്യാഭ്യാസം, സാംസ്കാരിക പ്രവർത്തനം, അനാഥ സംരക്ഷണം, സദുപദേശ സമ്മേളനങ്ങൾ ഇത്യാദി തുറകളിൽ ദൈനംദിന സമൂഹം അഭിവൃദ്ധിയിൽനിന്നും അഭിവൃദ്ധിയിലേക്ക് ഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം കാരണക്കാർ മേൽപ്പറഞ്ഞ പരിഷ്കർത്താക്കൾ ആണെന്നതിൽ തർക്കത്തിന്നു വഴിയില്ല. അവർ കൊളുത്തിവെച്ച പ്രഭാപൂരിതമായ ദീപത്തിന്റെ പ്രകാശത്തിൽകൂടിയാണ് സമുദായം ഇന്നു നീങ്ങുന്നത്. ചിലർ വിസമ്മതിച്ചാലും വാസ്തവം ഇതാണ്. ബോർഡിന്മേൽ ചോക്ക് കൊണ്ടെഴുതുന്നത് ഹറാമാണെന്ന് വിധിച്ചിരുന്നവരുടെ പിൻഗാമികൾ പോലും ആയിരക്കണക്കിൽ മദ്രസകൾ നടത്തി തുടങ്ങിയിരിക്കുകയാണ്. കോളേജുകൾ എന്നപേരിലും അവർക്കു സ്ഥാപനമുണ്ട്. വിദ്യാഭ്യാസ ബോഡും പാഠ്യപദ്ധതികളും ആവിഷ്കരിച്ച് പാഠപുസ്തകങ്ങൾ രചിച്ച് പരീക്ഷ സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയിരിക്കയാണ്. എന്തിനേറെപറയുന്നു വായകൊണ്ടെങ്കിലും, ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങണമെന്ന് അവർ അവരുടെ സമ്മേളനങ്ങളിൽവെച്ച് പ്രസ്താവിച്ച് തുടങ്ങി.

മർഹൂം വക്കം അബ്ദുൽ ഖാദിർ മൗലവി, മർഹൂം കെ. എം. മൗലവി, മർഹൂം കെ. എം സീതിസാഹിബ്, മർഹൂം എം. സി. സി സഹോദരന്മാർ മുതലായവർ മുൻപറഞ്ഞ പരിഷ്കർത്താക്കളിൽ ഗണനീയരാണ്. പല പല പ്രതിസന്ധികളെയും തരണം ചെയ്തു.



(ഏതു കാലത്തെയും പരിഷ്കർത്താക്കൾക്ക് നേരിടേണ്ടി വന്നതുപോലെ ഇവർക്കും നേരിടേണ്ടിവന്നിട്ടുണ്ട്.) യാതനകളും വേദനകളും സഹിച്ചു, സഹനശീലരായ നമ്മുടെ പരിഷ്കർത്താക്കൾ അതെല്ലാം അതിജീവിച്ച് മുന്നേറിക്കൊണ്ടേയിരുന്നു. മർദനങ്ങൾ ഭയന്നോ, വരാൻ പോവുന്ന ഭവിഷ്യത്തുകളെ ഓർത്തോ, സ്വാർഥലാഭങ്ങൾ മോഹിച്ചോ, അവർ ചുമതല നിർവഹണത്തിൽ നിന്ന് ഒട്ടും പിന്മാറിയില്ല. അങ്ങനെ ഇവരുടെ പ്രവർത്തനഫലമായി അന്ധകാര നിബിഡമായ കേരളത്തിലേക്ക് പ്രകാശത്തിന്റെ രശ്മികൾ തുളച്ചു കയറി തുടങ്ങി.

### പിശാചും പ്രവർത്തനരംഗത്ത്

മുസ്‌ലിം സമുദായത്തിന്റെ മുന്നേറ്റം രസിക്കാതെ തന്റെ എല്ലാ അടവുകളും പിശാചു പയറ്റിനോക്കി. എന്നാൽ ഈമാനുള്ള പരിഷ്കർത്താക്കൾ ഇതിൽനിന്ന് പിന്തിരിഞ്ഞില്ല. പതുക്കെയാണെങ്കിലും സമുദായം നല്ലവഴിക്ക് തിരിഞ്ഞു വരുന്നുണ്ട്. ആവശ്യമില്ലാത്ത അപ്പ വളരുന്നതുപോലെയല്ല; ദീർഘായുസ്സും ഉപകാരവുമുള്ള തെങ്ങിന്റെ വളർച്ച. അങ്ങനെ ക്രമേണയാണെങ്കിലും ഈ സമുദായം പുരോഗമിച്ചുവരുന്നുണ്ടെന്നുള്ളത് പിശാചിന്ന് മനസ്സിലായി. 'പിന്നീട് അവരുടെ മുന്നിൽകൂടിയും പിന്നിൽ കൂടിയും ഇടതുഭാഗത്തുകൂടിയും വലതുഭാഗത്തുകൂടിയും, ഞാൻ അവരെ സമീപിക്കും' എന്നാണല്ലോ, പിശാച് പ്രഖ്യാപിച്ചതായി പരിശുദ്ധഖുർആൻ 7:17 ൽ പറയുന്നത്. അതുകൊണ്ട് ഈ സമുദായത്തെ വഞ്ചിക്കുവാനും പുരോഗതിയിൽനിന്ന് തടയുവാനും എന്താണ് ചോംവഴി എന്നായി പിശാചിന്റെ ചിന്ത. പിശാച് നാട്ടിയ വലകളിലൊന്നിലും പരിഷ്കർത്താക്കളോ സമുദായമോ കുടുങ്ങിയില്ല. പല തന്ത്രം ഉപയോഗിച്ചുവെങ്കിലും അവയെല്ലാം പാഴാവുകയാണുണ്ടായത്. ഇതിന്റെ ഫലമായി മൂപ്പർ കണ്ടുപിടിച്ച ആകർഷണീയമായ മറ്റൊരു തന്ത്രം, അതാ – ഒരു ലഘുപദം, നിസ്സാരം! ഹാ! എന്തൊരു കേൾക്കുവാൻ സുഖമുള്ള ഒരു പദം പക്ഷെ, അതിന്റെ ദോഷഫലമോ? അഹങ്കാരം. ഒരു വിഷബീജം തന്നെ. ആയിരം ആവേശമുള്ള മുജാഹിദുകളെ മരവിപ്പിച്ച് ആവേശം നശിപ്പിച്ചു. ഇത്ര ചെറിയൊരു വാക്ക് ഇത്ര വലിയ ദോഷം ചെയ്യുക: മൂപ്പർക്കല്ലാതെ ആർക്ക് മനസ്സിലാകും! ' ഇങ്ങ



സെമിനാർ പതിപ്പ് – 1998

നത്തെ സന്ദർഭങ്ങളിലാണ് പിശാചിന്റെ തന്ത്രത്തെപ്പറ്റി അത്ഭുതപ്പെടേണ്ടത്.

### തൗഹീദ് ശാഖാപരമോ?

ഒരു മുജാഹിദ് ഇന്നലെ തൗഹീദിന്റെ മഹത്വങ്ങൾ ഉദ്ധരിച്ചുകൊണ്ടും അതിന്റെ ആപത്തുകൾ എടുത്തുകാട്ടിക്കൊണ്ടും തീപ്പൊരി പ്രസംഗം ചെയ്തിരുന്നു. വിഗ്രഹങ്ങളെ പൂജിച്ച് ശിർക്കിൽ അകപ്പെട്ട സ്വന്തം പിതാവിനെയും നാട്ടുകാരെയും തൗഹീദിൽ കൊണ്ടുവരുവാൻ വേണ്ടി ദേവാലയത്തിൽനിന്ന് വിഗ്രഹങ്ങളെ തല്ലിത്തകർത്തു നാട്ടുകാരുടെയും കുടുംബങ്ങളുടെയും അറപ്പും വെറുപ്പും സമ്പാദിച്ചു; മാത്രമല്ല ഇതിന്റെ ഫലമായി ശിക്ഷവിധിക്കപ്പെടുകയും അഗ്നികുണ്ഡത്തിലെറിയപ്പെടുകയും ചെയ്തു. പക്ഷേ, ഈ ചെയ്തിയേയും ശിക്ഷ വിധിച്ചവരെയും സൃഷ്ടിച്ച അല്ലാഹു അദ്ദേഹത്തെ അതിൽനിന്ന് രക്ഷിച്ചു. പിന്നെയും നാട്ടിൽ കഴിഞ്ഞുകൂടാൻ സാധിക്കാതെ വന്നപ്പോൾ നാട് വിട്ടുപോയി. ഇവിടെ ഉദ്ധരിച്ച കഥ ഇബ്രാഹീം നബിയുടേതാണല്ലോ. പ്രസംഗത്തിൽ, നാട്ടുകാരെ ഇബ്രാഹീം നബിയുടെ മാതൃക പിൻപറ്റി തൗഹീദ് പ്രചരിപ്പിക്കുവാൻ ഉപദേശിക്കുന്നതോടൊപ്പം ഇന്നത്തെ മുസ്‌ലിം സമുദായത്തിൽ കുടിയിരിക്കുന്ന അത്തരത്തിലുള്ള ശിർക്കുകൾ ഉദാഹരണം ഉദ്ധരിച്ചും പ്രസംഗിക്കുന്നു. വദ്ദ്, യഊഖ്, യഊസ്, നസ്റ് മുതലായ മഹാത്മാക്കളുടെ പ്രതിമകൾ സ്ഥാപിച്ച് അവർക്ക് പൂജയും വഴിപാടും നടത്തിയിരുന്നു. നൂഹ്നബിയുടെ ജനതയുടെ ശിർക്കും വളരെ ഭംഗിയായി വിവരിക്കുന്നു. ആ ശിർക്കിൽ നിന്ന് അവരെ രക്ഷിച്ച് തൗഹീദിൽ അണിനിരത്തുവാൻ വേണ്ടി 950 കൊല്ലം രാപ്പകലില്ലാതെ രഹസ്യവും പരസ്യവുമായി നൂഹ്നബി തൗഹീദ് പ്രചാരണം നടത്തി. എന്നിട്ടും വളരെ കുറച്ചുപേർ മാത്രമേ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളൂ. ശിർക്കന്മാരായ നാട്ടുകാരെ അല്ലാഹു വെള്ളത്തിൽ മുക്കിക്കൊന്നു. ഇങ്ങനെ നുഹ്നബിയുടെ ചരിത്രം ഉദ്ധരിക്കുന്നു. വിഗ്രഹാരാധനക്കെതിരിൽ പടവെട്ടി തീയിലെറിയപ്പെട്ട ഇബ്രാഹീംനബിയുടെ പ്രതിമ പരിശുദ്ധ ഖഅ്ബയിൽ, അനുയായികൾതന്നെ സ്ഥാപിക്കുകയും അതിനെ പൂവിട്ട് പൂജിക്കുകയും ചെയ്ത ചരിത്രസംഭവം ഉദ്ധരിച്ചുകൊണ്ട് കാലക്രമത്തിൽ ഏകദൈവ വിശ്വാസികളിലേക്ക് ബഹുദൈവാരാധന കടന്നുകൂടുന്നതിന്റെ മാർഗങ്ങൾ വിവരിച്ചുകൊടുത്തു.

ഇങ്ങനെ മുസ്‌ലിം സമുദായത്തിൽ കടന്നുകൂടിയ ശിർക്കിനെ ഉൻമൂലനം ചെയ്ത് തൗഹീദിലേക്ക് വിളിക്കുന്ന യുവമുജാഹിദുണ്ടല്ലോ, ആവേശംകൊണ്ട് തുള്ളിച്ചാടുകയാണ്. ശ്രോതാക്കൾ ശിർക്കിന്റെ നൂലാമാലകൾ വലിച്ചെറിഞ്ഞ് പരിശുദ്ധ തൗഹീദിലേക്ക് കുതിച്ചു വരികയാണ്. അതിന്നിടയിൽ അതാ അവരുടെ കർണങ്ങളിൽ ഒരു ചെ

> തൗഹീദ് പ്രചാരണമോ? അത് ശാഖാപരം! ഇബ്റാഹീം നബിയും നൂഹ്നബിയുമെല്ലാം ആ ശാഖാപരത്തിൽ കുടുങ്ങി നട്ടം തിരിഞ്ഞ് കാലം കഴിച്ചിരുന്നുവെന്ന് തോന്നിപ്പോകും ഇവരുടെ പ്രസംഗം കേൾക്കുന്നവർക്ക്. അടിസ്ഥാന പരമായ കാര്യങ്ങളിൽ ചിന്തിക്കുവാൻ ഈ പ്രവാചകന്മാർക്കു സമയം കിട്ടിയോ? എന്തോ!

റിയ ശബ്ദം വന്നലയ്ക്കുന്നു, "ശാഖാപരം ശാഖാപരം നിസ്സാരം" ' ഇത്തരത്തിലുള്ള ശാഖാപരങ്ങളായ വസ്തുതകൾ നിരത്തിവെച്ചു സമുദായത്തെ ഭിന്നിപ്പിക്കുകയോ! അടിസ്ഥാനപരങ്ങളായ കാര്യങ്ങളിൽ കേന്ദ്രീകരിച്ച് സാർവജനീനവും അന്താരാഷ്ട്രീയവും സാർവലൗകികവുമായ കാര്യങ്ങൾ എത്രയോ പറയാനില്ലെ? പിന്നീട് ആളുകളുടെ സംസാരവിഷയം ഇതുതന്നെ ആയി. ആളുകൾ ജമാഅത്തായി എല്ലാം ശാഖാപരമാക്കി. ഇതിന്റെ ഫലമായി തൗഹീദിന്റെ പ്രസംഗങ്ങൾ കേൾക്കാനാളില്ലാതെ വന്നു. പ്രസംഗങ്ങൾ "അടിസ്ഥാനപരങ്ങളായ കാര്യങ്ങളി"ലേക്ക് കടന്നു. ഇസ്‌ലാം നല്ല മതമാണ്. അതിൽ എല്ലാറ്റിന്നും പരിഹാരമുണ്ട്. ലോകജനത മുസ്‌ലിമായി കഴിഞ്ഞാൽ അന്ന് ലോകസമാധാനം സംജാതമായി. ഇസ്‌ലാമിക ഭരണത്തിന്നേ ലോകത്തു സമാധാനം സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസംഗങ്ങൾ ഇത്രയും കാര്യങ്ങളിൽ ഒതുങ്ങി കഴിഞ്ഞു. ഇതെല്ലാം നല്ലകാര്യംതന്നെ. പക്ഷേ, തൗഹീദ് പ്രചാരണമോ? അത് ശാഖാപരം! ഇബ്റാഹീം നബിയും നൂഹ്നബിയുമെല്ലാം ആ ശാഖാപരത്തിൽ കുടുങ്ങി നട്ടം തിരിഞ്ഞ് കാലം കഴിച്ചിരുന്നുവെന്ന് തോന്നിപ്പോകും ഇവരുടെ പ്രസംഗം കേൾക്കുന്നവർക്ക്. അടിസ്ഥാനപരമായ കാര്യങ്ങളിൽ ചിന്തിക്കുവാൻ ഈ പ്രവാചകന്മാർക്കു സമയം കിട്ടിയോ? എന്തോ! ഇത് ചിന്തിക്കേണ്ട ഒരു കാര്യംതന്നെയാണ്. ഇപ്പോൾ ശാഖാപരത്തിന്റെ ആപത്ത് മനസ്സിലായല്ലോ?

### ഖുതുബക്കാര്യത്തിൽ

മറ്റൊരു മുജാഹിദ് പ്രസംഗിക്കുകയാണ്: നബി (സ) വെള്ളിയാഴ്ച ജുമുഅഃ നമസ്കാരത്തിന്നു മുമ്പുള്ള പ്രസംഗത്തിൽ അവസരോചിതമായ ഉപദേശമാണ് നല്കിയിരുന്നത്. പരിശുദ്ധ ഖുർആൻ ഉദ്ധരിച്ചു പ്രസംഗിച്ചിരുന്നു. അപ്പപ്പോൾ വേണ്ടകാര്യങ്ങൾ വിവരംവെച്ച് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് നാം വെള്ളിയാഴ്ച ജുമുഅ ഖുതുബയിൽ ജനങ്ങൾക്ക് തിരിയുന്ന ഭാഷയിലാണ് സംസാരിക്കേണ്ടത് എന്ന്. ഓരോ മഹല്ലിലുമുള്ള ആളുകളുടെ സ്വഭാവവും പ്രവർത്തനങ്ങളും കണക്കിലെടുത്തുകൊണ്ട് അവരെ നന്നാക്കുവാൻ പറ്റിയതായിരിക്കണം പ്രസംഗം. നാം മലയാളക്കാരാണ്. നമ്മുടെ ഇടയിലുള്ള ഉപദേശം മനസ്സിലാകണമെങ്കിൽ അതു മലയാളത്തിൽ തന്നെ ആയിരിക്കണം. ഇങ്ങനെ സമർഥമായി ജുമുഅഃ ഖുത്തുബ തിരിയുന്ന ഭാഷയിലായിരിക്കേണമെന്നു അദ്ദേഹം വിവരിക്കുന്നു. ഈ ഉപദേശം ശ്രദ്ധിച്ചു കേട്ട് ജനങ്ങൾ ജുമുഅഖുതുബ പലസ്ഥലങ്ങളിലും മലയാളത്തിലാക്കി മാറ്റി. അപ്പോഴും അതാ ആ മനോഹരാമായ വാക്ക് "ശാഖാപരം നിസ്സാരം". ജുമുഅഖുതുബ പോലുള്ള നിസ്സാര കാര്യങ്ങൾ പറഞ്ഞ് സമുദായത്തെ ഭിന്നിപ്പിക്കുകയോ? ശേഷിച്ചവരും അതാ ജമാഅത്താവുന്നു. ശാഖാപരം വിട്ടു മൗലികത്തിലേക്കു നീങ്ങി. പരിഷ്കരണ പ്രവർത്തനവും നിലക്കുന്നു. ഈ സംഭവത്തിന്നു മുമ്പ് എവിടെയെങ്കിലും മലയാളത്തിലായിട്ടുണ്ടെങ്കിൽ അത് അങ്ങനെതന്നെ. അറബിയിൽ വേണമെന്ന് വെച്ചവരാകട്ടെ അവർ നബാത്തിഖുതുബ വായിച്ചുകൊള്ളുകയും ചെയ്യട്ടെ! ശ്രോതാക്കൾക്ക് തിരിഞ്ഞില്ലെങ്കിൽ അവർ ഇരുന്ന് ഉറങ്ങിക്കൊള്ളും. നമുക്കെന്ത് നഷ്ടം? നമ്മുടെ സംഘടനയിൽ ആളുകൾ വർധിക്കുകയാണല്ലോ നമ്മുടെ ലക്ഷ്യം. നമ്മുടെ സംഘടനാകാര്യങ്ങൾ നമ്മുടെ ആൾക്കാരോട് നമുക്ക് വാരാന്തയോഗത്തിൽവെച്ചു ഉപദേശിക്കാം. അതുകൊണ്ട് തന്നെ ജുമുഅയുടെ ഫലം നമുക്ക് കിട്ടുമല്ലോ. കണ്ടില്ലേ ശാഖാപരത്തിന്റെ ആപത്ത്!

### ആരാധനയിൽ

മറ്റൊരു മുജാഹിദിന്റെ ഉപദേശം ഇങ്ങനെയായിരുന്നു: ഇബാദത്ത് (ആരാധന) നാം നിർവഹിക്കുന്നത് അല്ലാഹുവിന്റെ തൃപ്തി നമുക്ക് ലഭിക്കുവാനും ഫലം നമുക്ക് ലഭിച്ചു പരലോകത്ത് മോക്ഷം കിട്ടുവാനും വേണ്ടിയാണ്. അല്ലാഹുവിനെ നാം ഏതു പ്രകാരമാണ് ആരാധിക്കേണ്ടതെന്ന് മുഹമ്മദ് നബി (സ) മുഖേന അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കുകയാണ്. ആ ക്രമത്തിൽ തന്നെ നാം ആരാധിക്കണം. അറിഞ്ഞുകൊണ്ട് അവയിൽ ഒന്നും ചേർക്കുവാനോ ഒന്നും വിട്ടുകളയുവാനോ പാടുള്ളതല്ല. അപ്പോൾ അത് ബിദ്അത്തായി തീരും. അങ്ങനെ നാം നല്ലതാണെന്ന ധാരണയിൽ ഒരു പുതിയ ആരാധന (ബിദ്അത്ത്) സ്വയം നിർമിക്കുവാനോ ഉള്ളതിൽ ഏതെങ്കിലുമൊരു

ആരാധനയിൽ ചില പുതിയ രീതി കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. അതു നാം സ്വന്തം ഉണ്ടാക്കിയ ഒരു ആരാധനയായിത്തീരും. അപ്പോൾ അതു അല്ലാഹുവിന്ന് ഇഷ്ടമാണെന്ന് അവൻ നമ്മോട് പറഞ്ഞിട്ടില്ലല്ലോ. നബി(സ) നമ്മെ പഠിപ്പിച്ചിട്ടുമില്ല. അങ്ങനെയാകുമ്പോൾ 4 റക്അത്തുള്ള സുഹർ 5 റക്അകത്ത് നമസ്കരിക്കുവാനോ 5 പ്രാവശ്യമുള്ള നമസ്കാരം 3 പ്രാവശ്യമാക്കുവാനോ പാടുള്ളതല്ല. ചുരുക്കത്തിൽ നല്ലതാണെന്നു പറഞ്ഞുകൊണ്ട് ഒരു പുതിയ ആരാധനയും ഉണ്ടാക്കുവാൻ പാടില്ല. അപ്പോൾ ഇതെല്ലാം ബിദ്അത്തായിത്തീരുന്നു. ദീനിൽ ബിദ്അത്ത് പാടില്ല. ദീനിനെ അല്ലാഹു പൂർത്തിയാക്കിയിരിക്കുന്നു. ഇന്നേദിവസം ദീനിനെ നാം നിങ്ങൾക്കു പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ ആഗ്രഹം നാം നിങ്ങൾക്കു പരിപൂർണമാക്കുകയും ഇസ്ലാമിനെ നാം നിങ്ങൾക്ക് ദീനായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ദീനിൽ വല്ല പുതിയ ആരാധനകളും ആരെങ്കിലും നിർമിച്ചുണ്ടാക്കിയാൽ അത് തള്ളിക്കളയണമെന്ന് നബി(സ) ഉപദേശിച്ചിരിക്കയാണ്. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി സമ്പാദിക്കുവാനും പരലോകത്ത് പ്രതിഫലം കിട്ടുവാനുംവേണ്ടി നാം നിർവഹിക്കുന്ന യാതൊരാരാധനകളിലും പുതുതായി ഒന്നും ചേർക്കുവാൻ പാടില്ല. ഇതെല്ലാം ശ്രദ്ധിച്ച സാധാരണക്കാരൻ ബിദ്അത്തുകൾ പലതും ഉപേക്ഷിക്കുവാൻ തുടങ്ങി. അപ്പോഴേക്കും 'ശാഖാപരം നിസ്സാരകാര്യം' ഭരണതലത്തിൽ എത്ര ബിദ്അത്തകൾ കടന്നുകൂടിയിട്ടുണ്ട്? ആരാധനയും പൂജപ്പാട്ടുമായി കെട്ടുപിണയുകയോ! ഇതോടെ ബിദ്അത്തുകളെ സംബന്ധിച്ച പ്രസംഗങ്ങളും അസ്തമിച്ചു. ഇഷ്ടമുള്ളവർക്ക് ഇഷ്ടമുള്ള പ്രകാരം ഇഷ്ടപ്പെട്ട ബിദ്അത്തുകൾ സ്വീകരിക്കുന്നതിന്ന് സ്വാതന്ത്ര്യവും കിട്ടി. ബിദ്അത്തുകൾ തടയാൻ ആളില്ലാതെയും വന്നു. നോക്കൂ, ശാഖാപരത്തിന്റെ അപകടം.

### രോഗത്തിന്നു ചികിത്സവേണം

മറ്റൊരു മുജാഹിദ് പ്രസംഗിക്കുകയാണ്. നിങ്ങൾക്ക് വിശപ്പുണ്ടാകുമ്പോൾ ഭക്ഷണം കഴിക്കുന്നു. വിശപ്പുമാറുവാൻ ഉറുക്കു കെട്ടുന്നില്ല. ദാഹനിവാരണത്തിന്ന് ജലപാനമാണ് ചികിത്സ, ഹോമമല്ല. ഇതൊക്കെ എല്ലാവരും സമ്മതിക്കും. എന്നാൽ ആർക്കെങ്കിലും രോഗം പിടിപെട്ടാൽ അതിന്ന് ശരിയായ മരുന്ന് കഴിക്കുകയല്ലേ വേണ്ടത്. ഏതു രോഗത്തിന്നും അല്ലാഹു മരുന്ന് സൃഷ്ടിച്ചിട്ടുണ്ടെന്ന് പരിശുദ്ധ നബിവചനത്തിൽ വന്നിട്ടുണ്ടല്ലോ. അല്ലാതെ ഹോമിച്ചതുകൊണ്ടോ മന്ത്രിച്ചതുകൊണ്ടോ ഉറുക്കുകെട്ടിയതുകൊണ്ടോ പിഞ്ഞാണം എഴുതികുടിച്ചാലോ രോഗം മാറുകയില്ല. പരിചയ സമ്പന്ന നായ ഒരു വൈദ്യരെ സമീപിക്കുക. മരുന്നു വാങ്ങി കഴിക്കുക. അതിനോടൊപ്പം അല്ലാഹുവിനോട് പ്രാർഥിക്കുക. ഇതാണ് രോഗത്തിന്റെ പ്രതിവിധി. മറിച്ച് അന്ധമായ വിശ്വാസങ്ങളും അനാചാരങ്ങളും ദുരീകരിക്കപ്പെടാതെയാകുന്ന പക്ഷം അത് വലിയ നാശത്തിലേക്കാണ് വഴിതെളിയിക്കുക. ഉപദേശത്തിന്റെ സത്യാവസ്ഥയും ഗൗരവവും ഓർത്ത് പലരും നല്ല മാർഗത്തിലേക്ക് തിരിഞ്ഞ് രോഗത്തിന്നുതന്നെ ചികിത്സിക്കുവാൻ തുടങ്ങി. അപ്പോഴേക്കും പിശാചിന്റെ വാക്കായ 'ശാഖാപരം നിസ്സാരം' എന്ന് അവരുടെ കർണങ്ങളിൽ അടിച്ചു. തന്നെയുമല്ല ഇതെല്ലാം ഇങ്ങനെ പരാമർശിക്കേണ്ടതില്ലെന്നും കേവലം ശാഖാപരമായ കാര്യങ്ങളാണെന്നും കേട്ടുതുടങ്ങി. രോഗം മാറിയില്ലെങ്കിൽ അവർക്കെന്തു നഷ്ടം. ഇത്തരം സന്ദർഭങ്ങളിൽ വേണ്ടത് നേർച്ചയെയും ഹോമത്തെയും മന്ത്രത്തെയും പറ്റി എതിർത്ത് സംസാരിക്കാതെ അന്താരാഷ്ട്രീയവും സാർവലൗകികവുമായ കാര്യങ്ങൾ പറഞ്ഞുകൂടെ എന്നതായി ഉദ്ദേശ്യം! മേൽ ഉദാഹരണത്തിൽനിന്ന് മാന്യവായനക്കാർക്ക് കാര്യത്തിന്റെ ഗൗരവം മനസ്സിലാകുമെന്ന് പൂർണവിശ്വാസമുണ്ട്.

### ഇസ്ലാമിക നിയമങ്ങളിൽ ശാഖാപരമില്ലേ?

ഇസ്ലാം ഒരു സമ്പൂർണമതമാണ്. മനുഷ്യജീവിതത്തിന്റെ ഏതു തുറയിലും അതിന്ന് വ്യക്തവും പരിപൂർണവും ശാശ്വതവും പ്രായോഗികവും സ്തുത്യർഹവുമായ നിയമങ്ങളും പരിപാടികളും ഉണ്ട്. ഒരൊറ്റരംഗവും അത് ഗൗനിക്കാതെ വിട്ടിട്ടില്ല. ചന്ദ്രനിൽ കുടിയേറിപാർക്കുവാൻ മനുഷ്യനുള്ള ആഗ്രഹം സഫലീകരിക്കാൻ പോവുന്ന ഈ യുഗത്തിൽ പോലും ഉളവാകുന്ന എല്ലാറ്റിന്നും ഇസ്ലാമിന്റെ നിയമ സംഹിതയിൽ ചിന്തചെലുത്തുന്ന പണ്ഡിതന്ന് പരിഹാരം കണ്ടുപിടിക്കാൻ ഒട്ടും പ്രയാസമില്ല. യാതൊരു തിരുത്തോ ഭേദഗതിയോ ആവശ്യമില്ലാത്തത്ര സമ്പൂർണവും പ്രായോഗികവും ശാശ്വതവുമാണ് ഇസ്ലാമിന്റെ നിയമസംഹിത. എന്നാൽ പ്രസ്തുത ഇസ്ലാമിക നിയമങ്ങളിൽ, പ്രാധാന്യമർഹിക്കാത്തതും മുസ്ലിംകളോട് ഉപദേശിക്കേണ്ടതില്ലാത്തതും നിസ്സാരമായതും ശാഖാപരങ്ങളായതുമായ ഒരു വിഭാഗവും പ്രാധാന്യമുള്ളതും ജനങ്ങളോട് ഉപദേശിക്കേണ്ടതുമായ 'അടിസ്ഥാനപരങ്ങളായ' മറ്റൊരു വിഭാഗവും ഉണ്ടോ? ഇല്ലെന്നുള്ളതാണ് വാസ്തവം. വാദത്തിന്ന് വേണ്ടി സമ്മതിച്ചാൽ തന്നെ മേൽ ഉദാഹരണങ്ങളായി ഉദ്ധരിച്ച കാര്യങ്ങൾ, ആ ശാഖാപരങ്ങളിൽ പെടുമോ? പെടുകയില്ലെന്നു പറയേണ്ടതില്ലല്ലോ? ഈ സംഗതി ഇസ്ലാമിക നിയമങ്ങളെ മുൻ പണ്ഡിതന്മാർ വിഭജിച്ചതിനെ സംബന്ധിച്ച് പഠിച്ചാൽ മനസ്സിലാകുന്നതാണ്.

### ഇസ്ലാമിക നിയമങ്ങൾ അഞ്ച്

ഒരു മുസ്ലിം ഇസ്ലാമിന്റെ നിയമങ്ങളെ അനുസരിക്കേണ്ടത് അഞ്ച് ഇനങ്ങളാക്കി പൂർവികന്മാരായ പണ്ഡിതന്മാർ അവരുടെ അനുഭവത്തിന്റെയും പരിശോധനയുടെയും വെളിച്ചത്തിൽ ഭാഗിച്ചിരിക്കുകയാണ്.

1) ഉപേക്ഷിച്ചാൽ അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുകയും നിർവഹിച്ചാൽ പ്രതിഫലം ലഭിക്കുകയും ചെയ്യുന്ന കാര്യങ്ങൾ. ഇതിനെ നിർബന്ധമായ കാര്യങ്ങൾ (വാജിബ് അല്ലെങ്കിൽ ഫർള്) എന്നു പറയാം

2) ഉപേക്ഷിച്ചാൽ ശിക്ഷിക്കുകയില്ലെങ്കിലും എടുക്കുന്നവന്ന് പ്രതിഫലം ലഭിക്കുന്ന കാര്യങ്ങൾ (നദബ്, സുന്നത്ത് നഫല് എന്നു പറയുന്നു.)

3) ഉപേക്ഷിച്ചാൽ പ്രതിഫലം കിട്ടുകയും എടുത്താൽ ശിക്ഷ ലഭിക്കുകയും ചെയ്യുന്ന അല്ലാഹു വിരോധിച്ചിട്ടുള്ളവ (ഹറാം എന്ന് പറയും)

4) എടുത്താൽ ശിക്ഷയുണ്ടാവുകയില്ലെങ്കിലും ഉപേക്ഷിച്ചാൽ പ്രതിഫലം ലഭിക്കുന്ന വെറുക്കപ്പെട്ട കാര്യങ്ങൾ (മക്റഹ്)

5) എടുത്താൽ പ്രതിഫലമോ ഒഴിച്ചാൽ ശിക്ഷയോ ഇല്ലാത്ത അനുവദിക്കപ്പെട്ട കാര്യങ്ങൾ (ഹലാൽ, ജാഇസ്, മുഖയ്യറ് എന്നൊക്കെ പറയുന്നു.)

ഇങ്ങനെ 5 ഇനമായിട്ടാണ് ഇസ്ലാമിന്റെ നിയമങ്ങൾ വിഭജിക്കപ്പെട്ടിട്ടുള്ളത്. ഇതെല്ലാം സാധാരണ എല്ലാവർക്കും അറിയുന്ന കാര്യങ്ങളാണ്. പല കിത്താബുകളിലും വിവരിക്കപ്പെട്ടിട്ടുമുണ്ട്. ഈ അഞ്ചിൽ ഏതെങ്കിലും ഒന്നിൽ പെടാത്ത യാതൊരു കാര്യവും ഒരു മുസ്ലിമിന്നില്ല (അതെത്ര ചെറുതായിരുന്നാലും വലുതായിരുന്നാലും) അവന്റെ ഉറക്കവും ഉണർച്ചയും ആരാധനയും ഇടപാടുകളും കച്ചവടവും കൃഷിയും ഭരണപരമായതും രാഷ്ട്രീയവുമായ ഏത് കാര്യമെടുത്താലും ഈ അഞ്ച് ഇനങ്ങളിൽ ഒന്നിൽ പെടാതെ പോവുകയില്ല. ഇത്രയും മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളെയും സ്പർശിക്കുന്നതാണ് ഇസ്ലാമിന്റെ നിയമങ്ങൾ. ഇതു മറ്റേതു മതത്തിന്നും പ്രസ്ഥാനത്തിന്നും ഇല്ലാത്ത ഒരു സവിശേഷതയാണ്. അടുക്കളതൊട്ട് പള്ളിവരേയും കുടിൽതൊട്ട് കൊട്ടാരം വരെയും ഗ്രാമസഭതൊട്ട് ഐക്യരാഷ്ട്ര സഭവരെയും ഇസ്ലാമിന്ന് നിയമങ്ങളുണ്ട്. പ്രസ്തുത രംഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിലകൊള്ളുന്ന ഏതൊരു മുസ്ലിമിന്റെ ഏതൊരു പ്രവർത്തനവും മേൽപറഞ്ഞ 5 ൽ ഏതെങ്കിലും ഒന്നിൽ പെടാതെ വിട്ടുപോവുകയില്ലെന്ന കാര്യം വ്യക്തമാണ്. ഇതിൽ ആർക്കും തർക്കം കാണുകയില്ല. മുസ്ലിമിന്റെ മുന്നിൽവരുന്ന ഏതു കാര്യവും ഈ 5 വകുപ്പുകളിൽ ഏതിലാണ് പെടുന്നതെന്ന് തെളിവ് സഹിതം കഴിവുള്ള എല്ലാവരും പഠിപ്പിക്കുകയും പഠിച്ചിട്ടുള്ളവർ അറിവില്ലാത്തവർക്ക് പഠിപ്പിച്ച് കൊടുക്കുകയും ഉപദേശിച്ച് അവരെ നല്ല

വഴിയിലേക്കു കൊണ്ടുവരികയും ചെയ്യേണ്ടത് ഒഴിച്ചുകൂടാത്ത കാര്യമാണ്. ഇങ്ങനെ സൽക്കർമ്മ ഉപദേശവും ദുഷ്കർമ്മ നിരോധവും സമുദായത്തിൽ നിലനിന്നുവരണം.

ഏതൊരു കാര്യവും പ്രവർത്തിക്കേണ്ടി വന്നാൽ അതിന്റെ വിധി എന്താണെന്ന് ആരായാതെ, മേൽപറഞ്ഞ അഞ്ചിൽ ഏതിൽ പെട്ടതാണെന്ന് മനസ്സിലാക്കാതെ 'ശാഖാപരം നിസ്സാരം' എന്ന മുദ്രയടിച്ച് തള്ളുവാൻ പാടുള്ളതല്ല. മറിച്ച് ഏതിൽ പെട്ടതാണെന്ന് മനസ്സിലാക്കി കൊള്ളാവുന്നത് എടുക്കുകയും തള്ളേണ്ടത് തള്ളുകയും വേണം. ഇങ്ങനെ ഏതു പ്രശ്നമാണ് മുന്നിട്ടുവന്നത് അവയെക്കുറിച്ച് വിശദമായി സ്വയം പഠിച്ചു മനസ്സിലാക്കിയും സമുദായത്തെ പഠിപ്പിച്ചും സമൂഹത്തെ ഉയർത്തിക്കൊണ്ട് പോവുകയുമാണ് ഏതു പരിഷ്കർത്താക്കളും ചെയ്യേണ്ടത്. സമുദായത്തിന്ന് അറിവില്ലാത്തതും അവഗണിക്കപ്പെട്ടതുമായ കാര്യങ്ങൾ കൂടുതലായി വിവരിച്ചു കൊടുക്കുകയും വേണം. അതു കൊണ്ടായിരുന്നു കേരളത്തിൽ പ്രചരിച്ച അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കൂടുതൽ വിവരിക്കുവാൻ ഇവിടുത്തെ പരിഷ്കർത്താക്കൾ ഒരുങ്ങിയത്. അതിന്റെ ഫലമായി സമുദായം ഉണർന്നു തുടങ്ങുകയും ചെയ്തു. ഇസ്‌ലാമിക നിയമങ്ങളിൽ ശാഖാപരം എന്ന പേരിട്ടു നിറുത്തിവെക്കേണ്ടതായില്ലെന്നും ഇതാണ് എല്ലാ കാര്യങ്ങളുടെയും നില എന്നും ഗ്രഹിച്ചുകഴിഞ്ഞാൽ ഇന്ന് മുജാഹിദുകൾ സമുദായത്തോട് പ്രബോധനം ചെയ്യുന്ന കാര്യങ്ങൾ (തൗഹീദിനെ വിവരിക്കുക, ശിർക്കിനെ ഖണ്ഡിക്കുക, ഖുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുക, ബിദ്അത്തിനെ ദൂരീകരിക്കുവാൻ ഉപദേശിക്കുക, സുന്നത്തിനെ പിൻപറ്റുവാൻ പറയുക മുതലായ കാര്യങ്ങൾ) എങ്ങനെയാണ് ശാഖാപരമെന്ന് മുദ്രകുത്തുക. അവ ഒട്ടും അവഗണിക്കേണ്ട കാര്യമല്ലതാനും. മറിച്ച് പ്രാധാന്യമുള്ള കാര്യങ്ങളാണെന്ന് മനസ്സിലാക്കുക പ്രയാസമില്ല.

**മൗലികക്കാരുടെ മൗലികം ശാഖാപരം, അവരുടെ ശാഖാപരം മൗലികവും**

ഇസ്‌ലാം അതിന്റെ രാഷ്ട്രീയ കാര്യങ്ങളും ഭരണനിയമങ്ങളും സവിസ്തരം വിവരിച്ചിട്ടുണ്ട്. മുസ്‌ലിമിന്റെ ഏതു കാര്യങ്ങളും ഇസ്‌ലാമിക നിയമത്തിന്ന് പുറത്തല്ലെന്ന് മുമ്പ് വിവരിച്ചത് മാന്യവായനക്കാർ ഓർക്കുന്നുണ്ടാവുമെന്ന് വിശ്വസിക്കുന്നു - കൃഷിയെ പറ്റിയും കച്ചവടത്തെ പറ്റിയും ഇസ്‌ലാമിൽ നിയമമുണ്ട്. പക്ഷേ ഇസ്‌ലാം ഒരു കച്ചവട കാർഷിക പ്രസ്ഥാനമല്ല. അങ്ങനെയാണെന്ന് ആരും പറയുകയില്ല. അത് പോലെ ഇസ്‌ലാം ഒരു രാഷ്ട്രീയ ഭരണ പ്രസ്ഥാനവുമല്ല. ലോകത്ത് ഒരു നല്ല ഭരണമുണ്ടാക്കാനുള്ള ഏർപ്പാടുമല്ല. ഇസ്‌ലാമിൽ ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇസ്‌ലാമിനെ അതാക്കുകയോ അല്ലെങ്കിൽ അതിന്നുള്ള ഒരു ഉപാധിയാക്കി മാറ്റുകയോ ചെയ്യുന്നതു വിഡ്ഢിത്തമാണ്, സങ്കടകരമാണ്, അപകടമാണ്. ഇസ്‌ലാമിൽ മദ്യനിരോധത്തെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇസ്‌ലാം ഒരു മദ്യനിരോധന പ്രസ്ഥാനവുമാവില്ല. പക്ഷേ, ഇസ്‌ലാമിൽ മദ്യനിരോധവും ഉണ്ട് എന്നു പറയാം! ചിന്തിക്കുക.

അത്പോലെ ഇസ്‌ലാമിൽ ഭരണ നിയമങ്ങളും രാഷ്ട്രീയ തത്ത്വങ്ങളും വിവരിച്ചിട്ടുള്ളത് കൊണ്ട് ഇസ്‌ലാം ഒരു രാഷ്ട്രീയ പ്രസ്ഥാനമായി കാണുന്നതു നന്നല്ല. ഇസ്‌ലാമിൽ രാഷ്ട്രീയവുമുണ്ട് എന്ന് വെക്കലാണ് നല്ലത്. രാഷ്ട്രീയബോധമില്ലാത്ത മുസ്‌ലിംകൾക്കു അതു വിവരിച്ചു കൊടുക്കുകയും വേണം. അപ്പോൾ ജമാഅത്ത് സുഹൃത്തുക്കൾ ഇസ്‌ലാമിന്റെ മൗലികമായികാണുന്ന രാഷ്ട്രീയ ഭരണകാര്യങ്ങൾ അവരുടെ ഭാഷയിൽ തന്നെയുള്ള ശാഖാപരങ്ങളാണെന്ന് കാണുവാൻ വലിയ ബുദ്ധി ഉപയോഗിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ ഭരണം സ്ഥാപിക്കുകയോ, അതിന്ന് ജനങ്ങളോട് ആഹ്വാനം ചെയ്യുകയോ ചെയ്തിട്ടില്ലാത്ത പ്രവാചകന്മാരെ നമുക്ക് ചരിത്രത്തിൽ കാണുവാൻ സാധിക്കും. പക്ഷേ അല്ലാഹുവിന്ന് പുറമെയുള്ള വസ്തുക്കളെ (മലക്കുകൾ, നബിമാർ, വലിയ്യുകൾ മുതലായവർ) ആരാധിക്കുകയും അവർക്ക് വഴിപാടുകൾ ചെയ്യുകയും പൂജിക്കുകയും ചെയ്യുന്നതിനെ ശാഖാപരമാക്കിയ വല്ല പ്രവാചകരെയും ചരിത്രത്തിൽ കാണുവാൻ സാധിക്കുമോ? ചിന്തിക്കുക. അപ്പോൾ ഇവിടെ ആരുടെ മാതൃകയാണ് പിന്തുടരുന്നത് എന്നു ചിന്തിക്കേണ്ടതുണ്ട്.

ഇപ്പോൾ ഒരു കള്ളന്റെ കഥയാണ് ഓർമ വരുന്നത്. തന്നെത്താൻ വല്ലവരുടെയും ദൃഷ്ടിയിൽപെടുമെന്ന് കണ്ടാൽ 'കള്ളൻ, കള്ളൻ' എന്നൊക്കെ അയാൾ കൂവിവിളിക്കുന്നു. ഇത് കേൾക്കുമ്പോൾ നാട്ടുകാർ കള്ളൻ അപ്രത്യക്ഷനായിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ഇയാൾ കള്ളനല്ലെന്നും അവർ വിശ്വസിക്കുന്നു. ഇങ്ങനെ അവൻ സുത്രത്തിൽ രക്ഷപ്പെടും. ഇതുപോലെ തങ്ങൾ ശാഖാപരമായ കാര്യങ്ങളിലേക്കാണ് ആളുകളെ ക്ഷണിക്കുന്നതെന്ന കാര്യം അറിയാതെയോ, അറിഞ്ഞിട്ടോ, ഏതായാലും യഥാർഥ തൗഹീദിനെ സംബന്ധിച്ച് 'ശാഖാപരം ശാഖാപരം ' എന്നുവിളിച്ചു പറഞ്ഞ് തങ്ങൾ ശാഖാപരക്കാരല്ല മൗലികക്കാരാണ് എന്നും മുജാഹിദുകളാണ് ശാഖാപരക്കാർ എന്നും വരുത്തി തൽക്കാലം തടിതപ്പുകയാണ്. തൗഹീദിന്റെ പ്രചാരണം മുറക്കു നടക്കുന്നില്ലാത്ത നാടുകളിൽ ശാഖാപരം വിളിക്കേണ്ട ആവശ്യമുണ്ടായിരിക്കാറില്ല. ആരുടെയും ദൃഷ്ടിയിൽ പെടാതെ കളവ് നടത്തിയവൻ 'കള്ളൻ കള്ളൻ' എന്നു വിളിക്കേണ്ടിവരികയില്ലല്ലോ.

അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്ന സമ്പ്രദായത്തിൽ നിന്നു മനുഷ്യവർഗത്തെ രക്ഷിക്കുകയും അല്ലാഹുവിലും അന്ത്യദിനത്തിലും മറ്റും വിശ്വസിക്കേണ്ട കാര്യങ്ങളിൽ വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യുകയും ചെയ്തുകൊണ്ട് ജീവിക്കുന്ന സൽകർമകാരികളായ ഒരു ജനസമുദായത്തെ വാർത്തെടുക്കുകയാണല്ലോ ഇസ്‌ലാം കൊണ്ടുദ്ദേശിക്കുന്നത്. അതിന്നായി പ്രവർത്തിക്കുന്ന നല്ല ജനങ്ങളിൽ അല്ലാഹു നമ്മെ പെടുത്തിത്തരട്ടേ. ആമീൻ. സർവശക്തനായ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് വിരമിക്കുന്നു.

(തിരൂരങ്ങാടി യതീംഖാന സോവനീറിൽനിന്ന്)

*ഇസ്‌ലാം ഒരു കച്ചവട കാർഷിക പ്രസ്ഥാനമല്ല. അങ്ങനെയാണെന്ന് ആരും പറയുകയില്ല. അത് പോലെ ഇസ്‌ലാം ഒരു രാഷ്ട്രീയ ഭരണ പ്രസ്ഥാനവുമല്ല. ലോകത്ത് ഒരു നല്ല ഭരണമുണ്ടാക്കാനുള്ള ഏർപ്പാടുമല്ല. ഇസ്‌ലാമിൽ ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇസ്‌ലാമിനെ അതാക്കുകയോ അല്ലെങ്കിൽ അതിന്നുള്ള ഒരു ഉപാധിയാക്കി മാറ്റുകയോ ചെയ്യുന്നതു വിഡ്ഢിത്തമാണ്, സങ്കടകരമാണ്, അപകടമാണ്. ഇസ്‌ലാമിൽ മദ്യനിരോധത്തെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇസ്‌ലാം ഒരു മദ്യനിരോധന പ്രസ്ഥാനവുമാവില്ല. പക്ഷേ, ഇസ്‌ലാമിൽ മദ്യനിരോധവും ഉണ്ട് എന്നു പറയാം! ചിന്തിക്കുക.*

*അത്പോലെ ഇസ്‌ലാമിൽ ഭരണ നിയമങ്ങളും രാഷ്ട്രീയ തത്ത്വങ്ങളും വിവരിച്ചിട്ടുള്ളത് കൊണ്ട് ഇസ്‌ലാം ഒരു രാഷ്ട്രീയ പ്രസ്ഥാനമായി കാണുന്നതു നന്നല്ല. ഇസ്‌ലാമിൽ രാഷ്ട്രീയവുമുണ്ട് എന്ന് വെക്കലാണ് നല്ലത്.*